## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

16.02.2016 ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ : 1769

**കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റി**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ . കെ.ദാസൻ** | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) 2015 ഏപ്രിൽ മാസത്തിനുശേഷം കോഴിക്കോട് ജില്ലയിൽ നിന്നുള്ള എത്ര അപേക്ഷകളിൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ തീർപ്പുകൽപ്പിച്ചു എന്നത് വ്യക്തമാക്കാമോ; | (എ) 235 |
| (ബി) നിലവിൽ കോഴിക്കോട് ജില്ലയിൽ നിന്നു ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്രയെണ്ണം തീർപ്പാക്കാനുണ്ട്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) 347 അപേക്ഷകളിൽ നിയോജക മണ്ഡലം സൂചിപ്പിക്കാത്തതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ അപേക്ഷകരുടെ ലിസ്റ്റ് ക്രോഡീകരിച്ചിട്ടില്ല. |
| (സി) പ്രസ്തുത അപേക്ഷകൾ എന്നത്തേക്ക് തീർപ്പാക്കാനാകും; | (സി) അതോറിറ്റിയിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിന് ഫയൽ തീർപ്പാക്കൽ പദ്ധതി ഫെബ്രുവരി 2016 ആദ്യവാരം മുതൽ നടന്നുവരുന്നു. |
| (ഡി) യഥാസമയം അപേക്ഷകൾ തീർപ്പാക്കാത്തത് കാരണം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള അവശ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് നൽകുന്ന സഹായധനം വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിർപ്പെട്ടിട്ടുണ്ടോ; | (ഡി) യഥാസമയം അപേക്ഷകൾ തീർപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഇ) തീരദേശ പരിപാലന അതോറിറ്റിയിലെ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ഇ) അപേക്ഷകൾ ഓൺലൈൻ വഴി സ്വീകരിക്കുന്നത് വഴി ഇതിന് പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ